**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 981** **11-02-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ വന്യമൃഗ ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പാലോട് ഫോറസ്റ്റ് റേഞ്ചിന്റെ ദ്രുതകർമ്മ സേന (ആർ. ആർ. ടി) മുഖാന്തിരം ജനവാസ മേഖലയിൽ നിന്നും പിടിച്ച് സുരക്ഷിതമേഖലയിലേക്ക് മാറ്റിയ വന്യജീവികളുടെ വിവരങ്ങൾ വർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | 2023 ൽ പാലോട് ആർ.ആർ.ടി. നിലവിൽ വന്നതിനു ശേഷം 31/01/2025 വരെ 39 ഇനങ്ങളിൽപ്പെട്ട 1507 വന്യജീവികളെ ജനവാസ മേഖലയിൽ നിന്നും പിടികൂടി സുരക്ഷിത ആവാസ വ്യവസ്ഥയിൽ തുറന്നു വിട്ടിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വാമനപുരം നിയോജക മണ്ഡലത്തിലെ വനമേഖലയോട് ചേർന്ന ജനവാസമേഖലകളിൽ അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന കുരങ്ങുശല്യം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. ജനവാസ മേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും അതിജീവനത്തിനും ഭീഷണിയാകുന്ന കുരങ്ങുകളെ കൂട്ടുവച്ചോ ഡ്രോപ്പ് നെറ്റ് ഉപയോഗിച്ചോ ആർ.ആർ.ടി. അംഗങ്ങളും മറ്റു വനപാലകരും പിടികൂടി സുരക്ഷിതമായ ആവാസ വ്യവസ്ഥയിലേക്ക് മാറ്റുന്നുണ്ട്. കേരളത്തിൽ കൂടിവരുന്ന നാടൻ കുരങ്ങുകളേയും (Macaca radiata) മറ്റ് ഉപദ്രവകാരികളായ വന്യജീവികളേയും ഫലപ്രദമായി നിയന്ത്രിക്കുന്നതിന് 1972 -ലെ വന്യജീവി (സംരക്ഷണ) നിയമത്തിലും ബന്ധപ്പെട്ട ചട്ടങ്ങളിലും നടപടി ക്രമങ്ങളിലും കാലോചിതമായ ഭേദഗതി വരുത്തുന്നതിനായുള്ള പ്രൊപ്പോസൽ സംസ്ഥാന സർക്കാർ 06/01/2025 -ന് ഡി2/242/2024-വനം കത്ത് പ്രകാരം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.<br><br>കേരളത്തിലെ പല ഭാഗങ്ങളിലും കുരങ്ങുശല്യം വർദ്ധിച്ചു വരുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. കേരളത്തിലെ നാടൻ കുരങ്ങുകളെ (Macaca radiata) നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്രവന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1 -ൽ നിന്നും ഷെഡ്യൂൾ 2 ലേക്ക് മാറ്റുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി കേന്ദ്ര സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | അംഗീകാരത്തിനായി സമർപ്പിക്കുവാൻ തയ്യാറാക്കിവരുന്നു. |
| (സി) | വന്യജീവികൾ നാട്ടിലിറങ്ങി കാർഷികവിളകൾ നശിപ്പിക്കുന്നത് ഒഴിവാക്കുന്നതിനായി വനത്തിനുള്ളിൽ അവയ്ക്ക് ഭക്ഷണവും വെള്ളവും ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | ആവിഷ്കരിച്ചിട്ടുണ്ട്. വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉണ്ടെന്ന് ഉറപ്പുവരുത്താൻ വിവിധ നടപടികൾ വനം വകുപ്പ് ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്. വനമേഖലകളിൽ ജലലഭ്യത ഉറപ്പ് വരുത്താനായി വനത്തിൽ വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ചെക്ക്ഡാമുകളും, 574 വയലുകളും, വാട്ടർഹോൾസ് തുടങ്ങി 308 ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ച് വരുന്നുണ്ട്.<br><br>വേനൽക്കാലത്ത് വനമേഖലയിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്ന തിനുമായി 2025 ഫെബ്രുവരി 1 മുതൽ "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കേരളത്തിൽ മുഴുവനും നടപ്പിലാക്കി വരുന്നുണ്ട്. വനത്തിനുള്ളിൽ ഭക്ഷണ ലഭ്യത ഉറപ്പ് വരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്ത് ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനത് വൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ആയതിൻ പ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്.<br><br>വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിലേക്കായി വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിത മേഖലകളിൽ പുതിയ പുൽനാമ്പുകൾ മുളപ്പിക്കുന്നതിലേക്കായി അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തി വരുന്നുണ്ട്.<br><br>വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുള്ള പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. കൂടാതെ വയനാട് ജില്ലയിലെ നൂറ്റിമുപ്പതോളം വയലുകൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പരിചരിക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ. നമ്പർ | ഇനം | എണ്ണം (2023) | എണ്ണം (2024) | എണ്ണം (2025) |
|---|---|---|---|---|
| 1 | മൂർഖൻ | 107 | 204 | 30 |
| 2 | പെരുംമ്പാമ്പ് | 98 | 15 | 06 |
| 3 | അണലി | 75 | 41 | 1 |
| 4 | ചേര | 24 | 38 | 1 |
| 5 | ചെളിപ്പാമ്പ് | 1 | 0 | 0 |
| 6 | കാട്ടുപാമ്പ് | 19 | 27 | 2 |
| 7 | രാജവെമ്പാല | 2 | 5 | 0 |
| 8 | ശംഖുവരയൻ | 3 | 6 | 1 |
| 9 | ഇരുതലമൂലി | 2 | 1 | 0 |
| 10 | വെള്ളിവരയൻ | 4 | 0 | 0 |
| 11 | എഴുത്താണി മൂർഖൻ | 1 | 0 | 0 |
| 12 | മരപ്പട്ടി | 68 | 165 | 1 |
| 13 | മൂങ്ങ | 6 | 7 | 0 |
| 14 | വെള്ളിമൂങ്ങ | 31 | 28 | 1 |
| 15 | കാട്ടുപൂച്ച | 5 | 8 | 0 |
| 16 | കാട്ടുപന്നി | 29 | 36 | 4 |
| 17 | കുരങ്ങ് | 32 | 132 | 3 |
| 18 | ആമ | 26 | 8 | 0 |
| 19 | പരുന്ത് | 10 | 20 | 0 |
| 20 | ദേശാടന പക്ഷി | 3 | 1 | 0 |
| 21 | മയിൽ | 17 | 32 | 1 |
| 22 | കേഴ | 3 | 3 | 0 |
| 23 | മ്ലാവ് | 4 | 10 | 0 |
| 24 | കുരുവി | 1 | 0 | 0 |
| 25 | കാട്ടുതാറാവ് | 10 | 5 | 0 |
| 26 | മുള്ളൻ പന്നി | 14 | 26 | 4 |
| 27 | ഉടുമ്പ് | 3 | 9 | 1 |
| 28 | കാട്ട് നീക്കോലി | 1 | 0 | 0 |
| 29 | തത്ത | 3 | 1 | 0 |
| 30 | പൂച്ച കണ്ണൻപാമ്പ് | 1 | 0 | 0 |
| 31 | കറുക്കൻ | 1 | 0 | 0 |
| 32 | ചുമർപാമ്പ് | 0 | 11 | 0 |
| 33 | പുള്ളിമാൻ | 0 | 1 | 0 |
| 34 | കാട്ട്പോത്ത് | 0 | 1 | 0 |
| 35 | മലയണ്ണാൻ | 0 | 2 | 0 |
| 36 | കരടി | 0 | 1 | 0 |
| 37 | പ്രാവ് | 0 | 1 | 0 |
| 38 | കീരി | 0 | 1 | 0 |
| 39 | ചുരുട്ട | 0 | 0 | 1 |